## 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം

**117 (3518)**ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പെരുനാട്ടിൽ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പെരുനാട് മാർക്കറ്റിന് സമീപം നേരത്തെ ഏറ്റെടുക്കാൻ ഉദ്ദേശിച്ച സ്ഥലം മാറ്റി പൂവത്തുംമൂടിന് സമീപം സ്ഥലം ഏറ്റെടുക്കാൻ ആലോചിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ സ്ഥലം ഏറ്റെടുക്കാൻ എത്ര സമയം വേണ്ടിവരും;

(ഡി) സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കി സബ്സ്റ്റേഷൻ നിർമ്മാണം ഉടൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റാന്നി-പെരുംനാട്ടിൽ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ ഷെഡ്യൂൾ പരിശോധിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) ഏറ്റെടുക്കാനുള്ള റിക്വിസിഷൻ ഡെപ്യൂട്ടി കളക്ടർക്ക് അയച്ചിട്ടുണ്ട്.

(ഡി) കളക്ടറുടെ ഉത്തരവ് ലഭ്യമായാൽ ഉടനെ സ്ഥലം എടുത്ത് പണി ആരംഭിക്കുന്നതാണ്.

## മണിയാർ കാർബോറാണ്ടം കമ്പനി

**118 (3519)**ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ കാർബോറാണ്ടം കമ്പനിയ്ക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സർക്കാർ അനുമതി നൽകിയപ്പോൾ വൈദ്യുതി ബോർഡുമായി ഉണ്ടാക്കിയ കരാറിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) എത്രവർഷത്തേയ്ക്കാണ് ഉല്പാദനത്തിന് കരാർ നൽകിയിരുന്നത്;

(സി) അണക്കെട്ടിന്റെ ചുമതല ഇപ്പോൾ ആരിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കരാറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.†

(ബി) പദ്ധതികമ്മീഷൻ ചെയ്ത തീയതി മുതൽ 30 വർഷത്തേയ്ക്ക്.

(സി) ഇറിഗേഷൻ വകുപ്പിൽ.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly